LIBRARY ARCHIVES Kerala Legislative Assembly

'നിറവ്' പദ്ധതി

108 (1509) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിറവ്' പദ്ധതിക്കായി 2014 -15 വർഷം എത്ര കോടി രൂപ അനുവദിച്ചുവെന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) 'നിറവ് 'പദ്ധതിയുടെ ക്രോഡീകരണം നടത്തുന്നതിൽ ജില്ലാ ഓഫീസർമാർ അനാസ്ഥ കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ജില്ലാതലത്തിൽ മൃഗസംരക്ഷണ വകുപ്പും കൃഷി വകുപ്പും തമ്മിൽ വേണ്ടത്ര കോർഡിനേഷൻ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വരും വർഷം ഈ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2014-15 വർഷം 'നിറവ്' പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ നിറവ് മണ്ഡലങ്ങൾക്ക് പ്രാധാന്യം നൽകി വരുന്നു.

(ബി) ഇല്ല. ബാധകമല്ല.

(സി) ജില്ലാതലത്തിൽ മൃഗസംരക്ഷണ വകുപ്പും കൃഷി വകുപ്പും തമ്മിൽ വേണ്ടത്ര കോർഡിനേഷനോടു കൂടിയാണ് പ്രവർത്തിക്കുന്നത്.

കർഷകർക്കുള്ള നഷ്ടപരിഹാരം

109 (1510) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 26-4-2013-ന് ഉണ്ടായ കനത്ത മഴയിലും ചുഴലിക്കാറ്റിലും കൃഷിനാശം സംഭവിച്ച കർഷകർക്ക് ചാല ദുരന്തത്തിന്റെ മാതൃകയിൽ സ്പെഷ്യൽ പാക്കേജിൽപെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടികൾ എതുവരെയായെന്ന് വിശദീകരിക്കാമോ ;

(ബി) സഹായത്തിന്റെ ഭാഗമായി 1,50,29,910 രൂപയുടെ ക്ലെയിം കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളത് വിതരണം ചെയ്തുവോ ; ഉണ്ടെങ്കിൽ കർഷകൻ, ലഭിച്ച തുക, പ്രദേശം, പഞ്ചായത്ത് എന്നിവ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) സബ്മിഷന് മറുപടിയായി നിയമസഭയിൽ ഉറപ്പ് നൽകിയ പ്രകാരം ബാക്കി തുക 2014 ആഗസ്റ്റ് 16-നകം വിതരണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ ?